"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല – ചോക്കാട് ഗ്രാമപഞ്ചായത്ത് - 2015-16 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.7- തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1307/2023/LSGD തീയതി,തിരുവനന്തപുരം, 23-06-2023

---

പരാമർശം:-

1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.11.2022 ലെ പി എ എൻ/16037/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29.03.2023 ലെ ഡി.കെ.എസ്.എ 123/പി.റ്റി/2023 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്സ്.സി/എസ്സ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ (പ്രോജക്ട് നം. 94/2016, 95/2016) എന്ന പദ്ധതിയ്ക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാവുന്ന തുകയിലും അധികരിച്ച് ചെലവാക്കിയ 1,22,694/- രൂപ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ ചോക്കാട് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങിനൽകുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പത്താം ക്ലാസിൽ പഠിക്കുന്ന 63 വിദ്യാർത്ഥികൾക്ക് 5,05,3/- രൂപ വിലയുള്ള മേശകളും 520/- രൂപ വിലയുള്ള ഫൈബർ കസേരകളും വാങ്ങുകയും ആയവ 7 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണെന്നും കൂടാതെ എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങിനൽകുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പത്താം ക്ലാസിൽ പഠിക്കുന്ന 15 വിദ്യാർത്ഥികൾക്ക് 5053/- രൂപ വിലയുള്ള മേശകളും 5,20/- രൂപ വിലയുള്ള ഫൈബർ കസേരകളും വാങ്ങുകയും ആയവ 7 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങിനൽകുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പത്താം ക്ലാസിൽ പഠിക്കുന്ന 15 വിദ്യാർത്ഥികൾക്ക് 5053/- രൂപ വിലയുള്ള മേശകളും 5,20/- രൂപ വിലയുള്ള ഫൈബർ കസേരകളും വാങ്ങുകയും ആയവ 2 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 4,000/- രൂപ ധനസഹായം നൽകുന്നതിനാണ് അനുമതിയുള്ളത്. മേൽ രണ്ട് പദ്ധതികളിലും കൂടി ചെലവഴിക്കാവുന്ന

പരമാവധി തുക 3,12,000/- രൂപയായിരിക്കെ പ്രസ്തുത പദ്ധതികൾക്കായി 4,34,694/- രൂപ ചെലവഴിച്ചിരുന്നു. അധികമായി ചെലവഴിച്ച 1,22,694/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്

3. ദീർഘകാലം ചിട്ടയായ പഠന ക്രമീകരണത്തിനുതകുന്ന രീതിയിൽ ഉപയോഗിക്കുക എന്ന സദുദ്ദേശത്തോടെ, ഗുണമേൻമയുള്ള മരത്തിൽ തീർത്ത ഫർണിച്ചറുകളാണ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിരുന്നതെന്നും കൂടാതെ സർക്കാർ സ്ഥാപനമായ സിഡ്കോയിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയത് എന്നത് കണക്കിലെടുത്തും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്താതെയും ചെവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് ചോക്കാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ പ്രയോജനം റിസർവ്ഡ് കാറ്റഗറിയിലെ കുട്ടികൾക്കാണ് കിട്ടിയത് എന്നത് പരിഗണിച്ചും വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പ്രോജക്ടിലെ അധികചെലവ് തുകയായ 1,22,694/- രൂപയ്ക്ക് സാധൂകരണം നൽകുന്നതിന് മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്നെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശു പാർശ സമർപ്പിച്ചിട്ടുണ്ട് .

4. നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി, പഞ്ചായത്ത് ഭരണസമിതിയുടെയും ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെയും അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം തടസ്സപ്പെടുത്തിയ 1,22,694/- രൂപയുടെ (ഒരു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചോക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ

സ.ഉ.(സാധാ) നം.1307/2023/LSGD

വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/175/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ